**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. **688**

**01/11/2011 ൽ** മറുപടിയ്ക്ക്

## 'ഔഷധി'യുടെ ഔഷധ ഉല്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.സി.മമ്മൂട്ടി | അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) 'ഔഷധി'യുടെ ഔഷധ ഉല്പാദനം വർദ്ധിച്ചുവരുന്ന ആവശ്യകതയ്ക്ക് പര്യാപ്തമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) 'ഔഷധി'യുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ഏതെല്ലാം ശൃംഖല മുഖേനയാണ്. | (ബി) ഔഷധിയുടെ അംഗീകൃത ഏജൻസികൾ മുഖേനയാണ് മരുന്നുകൾ വില്പന നടത്തുന്നത്. തിരുവനന്തപുരത്തുള്ള രണ്ടു വില്പനശാലകളിലൂടെയും മരുന്നുകൾ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ കേരളത്തിലെ സർക്കാർ ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കും, മറ്റു സംസ്ഥാന സർക്കാരുകൾക്കും ഔഷധി മരുന്നുകൾ നേരിട്ട് വിതരണം ചെയ്യുന്നുണ്ട്. |
| (സി) 'ഔഷധി'ക്കു വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വെളിപ്പെടുത്താമോ; | (സി) അസംസ്കൃത വസ്തുക്കളുടെ ആവശ്യകത മുൻകൂറായി തിട്ടപ്പെടുത്തി അർദ്ധ വാർഷിക ടെന്ററിലൂടെയാണ് അവയുടെ ലഭ്യത ഉറപ്പാക്കുന്നത്. കൂടാതെ കർഷകരിൽ നിന്ന് നേരിട്ടും അസംസ്കൃത ഔഷധങ്ങൾ വാങ്ങുന്നുണ്ട്. |
| (ഡി) സർക്കാർ ആയുർവേദ ആശുപത്രികളിലൂടെയുള്ള വിതരണത്തിന് ഔഷധി ഉല്പന്നങ്ങൾ വാങ്ങാറുണ്ടോ; | (ഡി) സർക്കാർ ആയുർവേദ ആശുപത്രികളിലൂടെയുള്ള വിതരണത്തിനുള്ള എല്ലാ ഔഷധങ്ങളും ഔഷധിയിൽ നിന്നാണ് വാങ്ങുന്നത്. |
| (ഇ) ഔഷധിയുടെ 2010 - 11 ലെ വിറ്റുവരവെത്രയാണ്; 2011 - 12 ലെ പ്രതീക്ഷിത വിറ്റുവരവ് എത്രയാണ്? | (ഇ) 2010 - 11 ലെ വിറ്റുവരവ് 45.50 കോടി രൂപയാണ്. 2011 - 12 ലെ പ്രതീക്ഷിത വിറ്റു വരവ് 58 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**